# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 42 | 27.09.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് - സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി. തോമസ്<br>,, വി.എസ്.ശിവകുമാർ<br>,, കെ.എസ്.ശബരീനാഥൻ<br>,, കെ.മുരളീധരൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ)<br><br><br><br><br><br>(ബി)<br><br><br><br>(സി) | ചരക്ക്- സേവന നികുതിയിലെ അന്തർ സംസ്ഥാന നികുതി വീതം വെയ്പ് വ്യവസ്ഥ സംബന്ധിച്ച് സംസ്ഥാനം എതിർപ്പ് അറിയിച്ചിരുന്നോ; വിശദമാക്കുമോ;<br><br>എങ്കിൽ അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്തെന്ന് വ്യക്തമാക്കുമോ;<br><br>അന്തർ സംസ്ഥാന നികുതി വീതം വെയ്പ് വ്യവസ്ഥയിൽ എപ്രകാരമുള്ള മാറ്റമാണ് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (എ)<br>(ബി)<br>&<br>(സി) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത തത്ത്വം അടിസ്ഥാനമാക്കിയുള്ള പരോക്ഷ നികുതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. വ്യാപാരിയിൽ നിന്ന് ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ ഈ പ്രാപ്യസ്ഥാനാധിഷ്ഠിത തത്ത്വം ഭരണഘടനാ ഭേദഗതിയിൽ തന്നെ ഉൾപ്പെടുത്തണമെന്ന് സംസ്ഥാനം ആദ്യമേ ആവശ്യപ്പെട്ടിരുന്നു. വ്യാപാരിയിൽ നിന്ന് ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേലുള്ള വീതംവയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ ക്രെഡിറ്റ് (IGST) Divisable pool ൽ ഉൾപ്പെടുത്തണം. അത് ഇറക്കുമതി സേവനം ലഭ്യമാക്കപ്പെടുന്ന സംസ്ഥാനത്തിനു തന്നെ ലഭിക്കണം. ധനകാര്യ സേവനങ്ങൾ, ബാങ്കിംഗ് സേവനങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ സേവനങ്ങൾ, ഓൺലൈൻ വ്യാപാരം എന്നിവയ്ക്കും എല്ലാത്തരം സേവനങ്ങൾക്കും ചരക്ക് വാങ്ങുന്ന ഉപഭോക്താവോ സേവനത്തിന് പ്രതിഫലം നൽകുന്ന വ്യക്തിയോ സ്ഥാപനമോ ഏത് സംസ്ഥാനത്താണ് അത് അനുഭവവേദ്യമാക്കുന്നത് എന്നത് കണക്കാക്കി ആ സംസ്ഥാനങ്ങൾക്ക് നികുതി ലഭ്യമാകത്തക്ക രീതിയിൽ place |

| | | | |
|---|---|---|---|
| | | | of supply rule രൂപീകരിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ IGST അക്കൗണ്ടിൽ മിച്ചം വരുന്നതുമായ തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കപ്പെടേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>വീതം വയ്ക്കാതെ മിച്ചം വരുന്ന IGST ക്രെഡിറ്റ് തുക കേന്ദ്ര സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോകുമെന്നാണ് കേന്ദ്രത്തിന്റെ ഇപ്പോഴുള്ള നിലപാട്. |

(SD) Latheesh

**സെക്ഷൻ ഓഫീസർ**